**അടിയന്തര പ്രമേയം**

**ശിക്ഷ ഇളവു ചെയ്യൽ**

മി. സ്പീക്കർ: ഈ നോട്ടീസ് വായിച്ചതിൽ നിന്നും അടുത്ത കാലത്ത് സർക്കാർ സ്വീകരിച്ച ഏതെങ്കിലും ഒരു നടപടി മൂലം അടിയന്തര സാഹചര്യമുണ്ടായതായി കാണുന്നില്ല. ശ്രീ. സണ്ണി ജോസഫ് എന്നെ കാണുകയുമുണ്ടായില്ല. ഏതായാലും അനുവദിക്കുന്നതിൽ തടസ്സമില്ല. റൂൾ 50-യുടെ ഒരു അടിയന്തര പ്രാധാന്യം ഞാൻ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്.

പ്രമാദമായ കൊലപാതകക്കേസുകളിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കൊടും കുറ്റവാളികളെ രാഷ്ട്രീയ പരിഗണനയുടെ പേരിൽ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കാനുള്ള നീക്കംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജയിലിലെ അന്തേവാസികൾക്ക് സാധാരണ അവധിയും അടിയന്തര അവധിയും 2014-ലെ ജയിൽ ചട്ടങ്ങൾ പ്രകാരമാണ് നൽകുന്നത്. ശിക്ഷാ ഇളവ് ഭരണഘടനയുടെ 161-ാം ആർട്ടിക്കിൾ

പ്രകാരവും കേരള ജയിൽ ചട്ടം 397 പ്രകാരവും നിലനിൽക്കുന്നതുമാണ്. തടവുകാരെ മാനസികമായി ഉയർന്ന നിലയിലേയ്ക്കെത്തിക്കുന്നതിനാണ് ഇത്തരത്തിലുള്ള നടപടികൾ നിശ്ചയിച്ചിട്ടുള്ളത്. ചില പ്രത്യേക കേസ്സുകളിൽ ചില നിയന്ത്രണങ്ങളുമുണ്ട്. നിലനിൽക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ, ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളൂ. വിയ്യൂർ സെൻട്രൽജയിലിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ എത്തി വർഷങ്ങൾ കഴിഞ്ഞിട്ടും സാധാരണ പരോൾ അനുവദിക്കാത്തവരുടെ കാര്യങ്ങൾ ജില്ലാ പരോൾ അവലോകന കമ്മിറ്റിയുടെ 03-11-2017- ന് ചേർന്ന യോഗം പരിശോധിക്കുകയുണ്ടായി. ഇത്തരത്തിൽ 30 പേരുടെ കേസ്സുകൾ പരിശോധിച്ചതിൽ 19 പേരുടെ കേസ്സുകളിൽ പരോൾ അനുവദിക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തു. വിവിധ തരത്തിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പരോൾ അനുവദിച്ചത്. 15 ദിവസത്തേയ്ക്കാണ് പരമാവധി പരോൾ അനുവദിച്ചത്. ഈ പരിശോധനയുടെ ഭാഗമായി വിവിധ കേസ്സുകളിലെ പ്രതികളുടെ പ്രശ്നം സ്വാഭാവികമായും കടന്നുവന്നിട്ടുണ്ട്. ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളുടെ പ്രശ്നവും മധു ഈച്ചരത്തെന്ന കോൺഗ്രസ് പ്രവർത്തകൻ കൊല്ലപ്പെട്ട കേസ്സിലെ പ്രതികളായ യു.ഡി.എഫ്. പ്രവർത്തകരായ അഞ്ചുപേരുടെ പ്രശ്നവും തടവുകാർ എന്ന രീതിയിൽ കമ്മിറ്റിയുടെ മുൻപിൽ വരികയുണ്ടായി.

ചട്ടപ്രകാരമുള്ള പരോൾ കമ്മിറ്റി അംഗീകരിച്ച് നൽകിയിരുന്നു. വ്യവസ്ഥ പ്രകാരമാണ് ഈ കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളത്. രാഷ്ട്രീയ വിവേചനത്തിന്റെ പ്രശ്നമോ സർക്കാരിന്റെ ഇടപെടലോ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. അവശത അനുഭവിക്കുന്നവരും 65 വയസ്സിലധികം പ്രായമുള്ളവരുമായ തടവുകാരുടെ കാര്യത്തിൽ പ്രത്യേകമായ പരിഗണന നൽകുന്ന രീതിയും സംസ്ഥാനത്ത് നിലവിലുണ്ട്. ഇതുപ്രകാരം ശിക്ഷായിളവ് ലഭിച്ച തടവുകാരിൽ വർഗ്ഗീസ് വധക്കേസ്സിലെ പ്രതി ലക്ഷ്മണയും ഉൾപ്പെടുന്നു. ഇത് നൽകിയത്, കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇവർക്കൊപ്പം സ്പെഷ്യൽ റെമിഷൻ വിഷയത്തിൽ ജയിൽ അഡ്വൈസറി ബോർഡ് ശിപാർശ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് 482 തടവു പുള്ളികൾക്ക് ശിക്ഷായിളവ് നൽകി വിട്ടയച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്താകട്ടെ സ്പെഷ്യൽ റെമിഷൻ പ്രകാരം നാളിതുവരെ ഒരാളെയും വിട്ടയച്ചിട്ടില്ല. മുൻ ജയിൽ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ്ബിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ജയിൽ പരിഷ്കരണ കമ്മീഷൻ 70 വയസ്സ് കഴിഞ്ഞവരെ മോചിപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന ശിപാർശ മുന്നോട്ടു വച്ചു. അതുപ്രകാരം 59 അന്തേവാസികളുടെ വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പേര് അഡ്വൈസറി ബോർഡിൽ വയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ചട്ടപ്രകാരം നടന്നുവരികയാണ്. അതിന്റെ

ഭാഗമായാണ് ഈ 59 പേരുടെയും വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിലെ പ്രൊബേഷണറി ഉദ്യോഗസ്ഥരുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും മുന്നിൽ വന്നത്. ഇത് നിയമാനുസൃതമായ നടപടി മാത്രമാണ്. അതോടൊപ്പം അവരുടെ തന്നെ മെഡിക്കൽ റിപ്പോർട്ടും തേടാറുണ്ട്. നിലനിൽക്കുന്ന രീതി പ്രകാരം ഇത്തരത്തിലുള്ളവരുടെ കാര്യങ്ങൾ പരിശോധിക്കേണ്ടത് സർക്കാരിന്റെ നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതുമാത്രമാണ്. അതു പ്രകാരം അത്തരം വിവരം ശേഖരിക്കാൻ മാത്രമാണ് സർക്കാർ നിർദ്ദേശം നൽകിയിത്. ഏതെങ്കിലും തടവുകാരെ വിട്ടയയ്ക്കാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ നൽകിയിട്ടില്ല. പൊതുവായി ഈ ഇളവ് അനുവദിക്കുന്നവരുടെ പരിഗണനയിൽ വരുന്നവരിൽ 14 വർഷം ശിക്ഷ അനുഭവിച്ച തടവുകാരും ഉൾപ്പെടും. ഇത്തരത്തിൽ എല്ലാ സർക്കാരുകളുടെ കാലത്തും നടത്തുന്ന സ്വാഭാവിക നടപടി ക്രമം മാത്രമാണ് നടന്നിട്ടുള്ളത്. സർക്കാരിന്റെ സ്വാഭാവിക നടപടിക്രമത്തെ സംബന്ധിച്ചാണ് അങ്ങ് ചൂണ്ടിക്കാണിച്ചതു പോലെ അടിയന്തര പ്രമേയമായി വന്നിട്ടുള്ളത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു അടിയന്തര പ്രാധാന്യവുമില്ലാത്ത പ്രശ്നമാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളം വളരെയേറെ വേദനയോടെ കേട്ടതാണ് ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം. 2012 മെയ് 5-ന് രാത്രിയിൽ 51 വെട്ടുകൾ

ഏറ്റിട്ടാണ് അദ്ദേഹം മരിച്ചത്, ആ കൊലക്കേസ്സിലെ ഗൂഢാലോചനാക്കുറ്റം ചുമത്തപ്പെട്ട 13-ാം പ്രതി പി.കെ. കുഞ്ഞനന്തനെ കോഴിക്കോട് വിചാരണക്കോടതി എസ്.സി. 867/2012 കേസ്സിൽ 28-01-2014-ൽ ജീവപര്യന്തം തടവിന് ശിക്ഷിച്ച ആ പ്രതി കണ്ണൂർ സെൻട്രൽ ജയിലിൽ കൺവിക്ട് നമ്പർ: 2492-ആയി ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ ജീവപര്യന്തം ശിക്ഷയിൽ വിധി പ്രഖ്യാപിച്ച കോഴിക്കോട് ജില്ലാ കോടതി ഒരു കാര്യം പറഞ്ഞിരുന്നു. The sentence of life imprisonment awarded to the accused is for the whole of the remaining life of them subject to the remission granted by the appropriate Government under section 432 Crl.P.C. which, in turn, is subject to the provision contained in section 433A Crl.P.C. 432 സി.ആർ.പി.സി. അനുസരിച്ചും 433(എ) സി.ആർ.പി.സി. അനുസരിച്ചുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഇവർക്ക് Life imprisonment, ജീവിതത്തിന്റെ മുഴുവൻ കാലത്തെയും തടവ് എന്നതിൽ നിന്നും ഗവൺമെന്റ് ഇളവ് അനുവദിക്കാൻ പാടുള്ളൂവെന്ന് വിചാരണക്കോടതി വിധിന്യായത്തിന്റെ പാരഗ്രാഫ് നമ്പർ. 838 (8)-ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ വ്യവസ്ഥകളെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. സി.ആർ.പി.സി 432-ൽ പറഞ്ഞിരിക്കുന്നത്

റെമിഷനെക്കുറിച്ചാണ്, അങ്ങനെയുള്ള റെമിഷൻ അനുവദിക്കുന്ന സമയത്ത് ഒരു കാരണവശാലും അപ്പീൽ പെൻഡിംഗിൽ ഉണ്ടാകാൻ പാടില്ല എന്നാണ് പറഞ്ഞത്. ഈ കേസ്സിൽ അപ്പീൽ പെൻഡിംഗിൽ നിൽക്കുകയാണ്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതികൾക്ക് അവാർഡ് ചെയ്ത ശിക്ഷ പോരാ, അവർക്ക് വധശിക്ഷ തന്നെ നൽകണമെന്ന് പറഞ്ഞ് ഗവൺമെന്റ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി.പി. ചന്ദ്രശേഖരന്റെ കുടുംബാംഗങ്ങൾ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ശിക്ഷയ്ക്ക് വിധേയരായിട്ടുള്ള പ്രതികൾ അവരുടെ ശിക്ഷ റദ്ദാക്കണമെന്ന് പറഞ്ഞ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. മൂന്ന് അപ്പീലുകൾ കേരള ഹൈക്കോടതിയിൽ ഇപ്പോൾ പെൻഡിംഗാണ്. അപ്പീലുകൾ പെൻഡിംഗിൽ നിൽക്കേ ഗവൺമെന്റിന് ഇക്കാര്യത്തിൽ അധികാരമില്ലായെന്ന് കേരള ഹൈക്കോടതി തന്നെ വളരെ വ്യക്തമായി 2013 (2) KLT 41: To grant suspension of sentence while appeal is pending: If appeal is pending, Government would have no jurisdiction to grant suspension of sentence under S.432 of Crl.P.C.. Only Appellate Court has jurisdiction to grant suspension of sentence, pending appeal. Visal Kumar vs State of Kerala. ഇതൊരു നിയമ വിദ്യാർത്ഥി ശിക്ഷിക്കപ്പെട്ട കേസ്സിന്റെ വിധിയാണ്. അപ്പീൽ പെൻഡിംഗാവുമ്പോൾ സർക്കാരിന് ഇതിൽ

അവകാശമില്ല, അപ്പലേറ്റ് കോടതിയ്ക്കാണ് അധികാരമുള്ളതെന്നാണ് ഈ കേസ്സിൽ കേരള ഹൈക്കോടതി വിധി പറഞ്ഞത്. രണ്ടാമത്തെ കാര്യം സി.ആർ. പി.സി. 433 (എ) വകുപ്പ് പറയുന്നത് Restriction on powers of remission or commutation in certain cases. അത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയതാണ്. പ്രത്യേകിച്ച് 18-12-1978-ലെ പ്രത്യേക നിയമഭേദഗതിയിലൂടെ കൂട്ടിച്ചേർത്തതാണ്. അത്... Notwithstanding anything contained in section 432, where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishment provided by law, or where a sentence of death imposed on a person has been commuted under section 433 into one of imprisonment for life. Such person shall not be released from prison unless he had served atleast fourteen years of imprisonment. അതായത് ഒരു കേസ്സിലെ പ്രതി ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നു. ആ കേസ്സിൽ വധശിക്ഷപോലും വിധിക്കാവുന്ന കുറ്റത്തിനാണ് ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളത്. അല്ലെങ്കിൽ മറ്റൊരു ശിക്ഷയെ ജീവപര്യന്തം ശിക്ഷയായി കമ്മ്യൂട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള കേസ്സുകളിലെ പ്രതികൾക്ക് 14 കൊല്ലം

ജയിൽശിക്ഷ അനുഭവിക്കാതെ ശിക്ഷായിളവിന് അർഹതയില്ലെന്നാണ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള സി.ആർ.പി.സി.437(A) നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഇന്ത്യാ രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്സിന്റെ അധ്യക്ഷതയിൽ അഞ്ചംഗ ബഞ്ച് വളരെ വ്യക്തമായി വിശകലനം ചെയ്തിട്ടുണ്ട്. 2016 (1) KLT SN 9: When we refer to S.433-A, we find that the expression used in the said Section for the purpose of grant of remission relating to a person convicted and directed to undergo life imprisonment, it stipulates that "such person shall not be released from prison unless he had served atleast fourteen years of imprisonment". വധശിക്ഷയ്ക്ക് വിധിക്കാവുന്ന കേസ്സിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഒരു വ്യക്തി 14 വർഷം തടവുശിക്ഷ അനുഭവിക്കാതെ ഇത്തരത്തിലുള്ള ആനുകൂല്യമോ ശിക്ഷായിളവോ നൽകാൻ പാടില്ല എന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഇവിടെ വളരെ പ്രസക്തമാണ്. ഇത് മറ്റ് ഹൈക്കോടതികളിലും വിധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമ വ്യവസ്ഥകളെ പൂർണ്ണമായും ലംഘിച്ചുകൊണ്ടാണ് ഇളവ് നൽകിയിരിക്കുന്നത്. വളരെ ക്രൂരമായ

ഒരു കുറ്റകൃത്യത്തിനാണ് ശിക്ഷ വിധിച്ചത്. ട്രയൽ കോടതിയുടെ വിധിന്യായത്തിലെ ഖണ്ഡിക 824 പറയുന്നത്, The murder in this case was cold-blooded, pre-planned and brutal. The motive of the crime was not any personal enmity. The manner in which the murder was committed reveals extreme depravity. The action of accused not only was inhuman but ruthless and barbaric. It shocks not only the judicial conscience but the collective conscience of the society. നിയമപീഠത്തിന്റെ മന:സാക്ഷിയെ മാത്രമല്ല സമൂഹത്തിന്റെ കൂട്ടായ മന:സാക്ഷിയെക്കൂടി ബാധിക്കുന്നതാണ് ഈ നിഷ്ഠൂരമായ ക്രൂരകൃത്യം. മനുഷ്യത്വരഹിതമായ കൊലപാതകമെന്ന് നിയമ കോടതി വിധി പ്രഖ്യാപിച്ചിട്ടുള്ള കേസ്സിലെ 13-ാം പ്രതി കുഞ്ഞനന്തനെയാണ് ഇന്ന് മോചിപ്പിക്കാൻ ശ്രമിക്കുന്നത്. മോചിപ്പിക്കാൻ ശ്രമിച്ചില്ല എന്ന് മുഖ്യമന്ത്രി പറയുന്നത് വാസ്തവവിരുദ്ധമാണ്. ഇന്ന് രമയുടെ വീട്ടിൽ സോഷ്യൽ ജസ്റ്റിസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ രമയുടെ സ്റ്റേറ്റ്മെന്റ് എടുക്കാൻ പോകുകയാണ്. കണ്ണൂർ ജില്ലക്കാരനായ കുഞ്ഞനന്തനെ മോചിപ്പിക്കാൻവേണ്ടി അദ്ദേഹത്തിന്റെ കൺസേൺഡ് പോലീസ് സ്റ്റേഷനായ കൊളവല്ലൂർ സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ രമയുടെ വീട്ടിൽ പോയി

സ്റ്റേറ്റ്മെന്റ് എടുത്തു. രമ അതിന് വിയോജിപ്പ് പ്രകടിപ്പിച്ചു. എന്റെ ഭർത്താവിനെ കൊലപ്പെടുത്തിയ ഗൂഢാലോചനക്കേസ്സിലെ പ്രതിയായി ശിക്ഷിക്കപ്പെട്ട കുഞ്ഞനന്തനെ മോചിപ്പിക്കാൻ പാടില്ല എന്ന് രമയുടെ എതിരഭിപ്രായം മാധ്യമങ്ങളിൽ വന്നതാണ്. ഇത് നിയമ പോരാട്ടത്തിലേയ്ക്ക് എത്തുമെന്ന് രമ പരസ്യമായി പറഞ്ഞു. ആ രമയുടെ വീട്ടിലാണ് ഇന്നലെ ഫോൺ ചെയ്ത പ്രകാരം ഇന്ന് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ രമയുടെ സ്റ്റേറ്റ്മെന്റ് എടുക്കാൻ പോകുന്നത്. ഈ കേസ്സിന്റെ പ്രത്യേകത എല്ലാവർക്കുമറിയാവുന്നതാണ്. കുഞ്ഞനന്തനും ഈ കേസ്സിലെ ഗൂഢാലോചനയുടെ ഭാഗമാണ്. അദ്ദേഹം കണ്ണൂർ ജില്ലാക്കാരനാണ്. വടകരയിൽ നടന്ന ഒരു സംഭവത്തിൽ കുഞ്ഞനന്തൻ എങ്ങനെ പ്രതിയായി എന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. മാർക്സിസ്റ്റ് പാർട്ടിക്കാർ ഈ കേസ്സിനെക്കുറിച്ച് എന്താണ് പറഞ്ഞത്? അവർ ആദ്യം 'മാഷാ അള്ളാ' എന്നാണ് കാറിന്റെയുള്ളിൽ ഒട്ടിച്ചത്, അതു കഴിഞ്ഞ് പറഞ്ഞു ഒരു ബോംബെ വ്യവസായി ആണെന്ന്, പിന്നെപ്പറഞ്ഞു പി.സി. ജോർജ് ആണെന്ന്, അവസാനം ഒരിടയ്ക്ക് പറഞ്ഞു മുൻ എം.എൽ.എ. ശെൽവരാജാണ് ഇതിന്റെ ആളെന്ന്. അവസാനം പാർട്ടി കമ്മീഷനെവച്ച് അന്വേഷിച്ചു. ശ്രീ. വി.എസ്.

അച്ചുതാനന്ദൻ പറഞ്ഞത് അരിയാഹാരം കഴിക്കുന്നവരാരും ടി.പി. ചന്ദ്രശേഖരനെ കൊന്നത് മാർക്സിസ്റ്റുകാരല്ലെന്ന് വിശ്വസിക്കില്ല എന്നാണ്. ധീരനായ കമ്മ്യൂണിസ്റ്റ് എന്നാണ് ടി.പി. ചന്ദ്രശേഖരനെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ വിശേഷിപ്പിച്ചത്. ഇന്നത്തെ മുഖ്യമന്ത്രി അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്നു. അദ്ദേഹം പറഞ്ഞത് കുലം കുത്തി എപ്പോഴും കുലം കുത്തിത്തന്നെയെന്നാണ്. അദ്ദേഹം അതുമാത്രമല്ല പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടി ഏരിയാ കമ്മിറ്റി അംഗമായ മുതിർന്ന ജില്ലാ സംസ്ഥാന നേതാക്കന്മാരുമായി അടുത്ത സൗഹൃദമുള്ള കുഞ്ഞനന്തൻ ശിക്ഷിക്കപ്പെട്ടപ്പോൾ അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് അദ്ദേഹം എങ്ങനെ ഇതിൽപെട്ടു എന്നറിയില്ല അദ്ദേഹം ഇതിൽപെടേണ്ട ആളല്ലായിരുന്നു എന്നാണ്. അദ്ദേഹം എന്റെ അടുത്ത സുഹൃത്താണ് എന്ന് കേരളത്തിലെ മുഖ്യമന്ത്രിയാണ് പറഞ്ഞത്. ആ സുഹൃത്തിനെ രക്ഷിക്കാൻ വേണ്ടിയാണ് കേരളത്തിലെ മുഖ്യമന്ത്രി ചട്ടങ്ങൾക്കും നിയമത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്നത്. ഇന്ത്യൻ ഭരണഘടന വ്യവസ്ഥയനുസരിച്ച് 161 നിയമാനുസൃതമായി ചെയ്യണമെന്നാണ്. അതിനുവേണ്ടിയാണ് വ്യവസ്ഥകൾ സി.ആർ.പി.സി.-യിൽ incorporate ചെയ്തിട്ടുള്ളത്. ആ

സി.ആർ.പി.സി.-യിലെ 432, 433 (A) വകുപ്പുകളെ പൂർണ്ണമായും തള്ളിക്കൊണ്ടാണ് ഇന്ന് രമയുടെ വീട്ടിലേയ്ക്ക് സ്റ്റേറ്റുമെന്റ് എടുക്കാൻ പോകുന്നത്. രമയുടെ വീട്ടിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ പോയതിന് നടപടി സ്വീകരിച്ച പാർട്ടിയാണ് ഇന്ന് രമയുടെ വീട്ടിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥന്മാരെയും സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരെയും അയയ്ക്കുന്നത്. ഇത്രയും നിഷ്ഠൂരമായ ഒരു കൊലപാതകം നടന്നതിനെക്കുറിച്ച് മാർക്സിസ്റ്റുപാർട്ടി പറഞ്ഞത് ഞങ്ങൾ അന്വേഷിക്കുമെന്നാണ്. മാർക്സിസ്റ്റ് പാർട്ടി അന്വേഷിച്ചപ്പോൾ അവർ രമയോട് അന്വേഷിച്ചിട്ടില്ല. ഈ കേസ് പാർട്ടി അന്വേഷിക്കുമെന്ന് പറയുമ്പോൾ ആരാണ് അന്വേഷണ കമ്മീഷനെന്ന് പബ്ലിക്കിന് വ്യക്തമാക്കേണ്ടേ; കേരളത്തിന്റെ നിയമവ്യവസ്ഥയ്ക്ക് രാജ്യത്തിന്റെ നിയമവ്യവസ്ഥയ്ക്ക് പാരലായി അന്വേഷിക്കുമെന്ന് പറഞ്ഞ ഒരന്വേഷണത്തിൽ കൊലചെയ്യപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ അമ്മയായ പത്മിനി ടീച്ചറിനോടോ രമയോടോ ചന്ദ്രശേഖരന്റെ മകൻ അനന്തുവിനോടോ രമയുടെ അച്ഛനായ മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയകമ്മിറ്റി സെക്രട്ടറിയായിരുന്ന മാധവേട്ടനോടോ ചോദിച്ചിട്ടില്ല. പക്ഷേ, പാർട്ടി ചില ആളുകൾ കുറ്റക്കാരാണെന്ന് കണ്ടെത്തി. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ജയിൽ ഉപദേശക സമിതി അന്വേഷിക്കുന്ന

എന്നാണ്. കണ്ണൂർ ജയിൽ ഉപദേശകസമിതിയുടെ അംഗങ്ങൾ ശ്രീ. പി. ജയരാജൻ, ശ്രീ. പാനൊളി വത്സൻ, ശ്രീ. എം സി. രാഘവൻ എന്നിവരാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിലെ അംഗമായിരുന്ന ശ്രീ. എം. സി. രാഘവൻ. ഇതിനെക്കാൾ ഭേദം കിർമാണി മനോജിനെയും കൊടി സുനിയെയും ആകാശ് തില്ലങ്കേരിയെയും ജയിൽ ഉപദേശക സമിതിയിൽ അംഗങ്ങളാക്കുന്നതാണ്. ശ്രീ. പി. ജയരാജന് എത്ര ജോലികളാണുള്ളത്. അദ്ദേഹത്തിന്റെ ജോലിത്തിരക്കിൽ അദ്ദേഹം നിർവ്വഹിക്കുന്ന ഈ ജോലി കിർമാണി മനോജ് ഇതിനേക്കാൾ ഭംഗിയായി നിർവ്വഹിക്കും. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കാൻ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ഒരു കൊലക്കേസ്സിലെ പ്രതി എന്തിനാണ് ശിക്ഷിക്കപ്പെടുന്നത്? ഇനി കൊലക്കേസ്സുകൾ ആവർത്തിക്കാതിരിക്കാനും ആരുടെയും ജീവനെടുക്കാനുള്ള അവകാശമില്ലയെന്ന് ബോദ്ധ്യപ്പെടുത്താനു മാണ്. ഇന്ത്യൻ ഭരണഘടന 21-ാം ആർട്ടിക്കിൾ right to life അനുസരിച്ച്, പൗരന്റെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. അതിനാണ് 302 അനുസരിച്ച് കുറ്റം ചെയ്യുന്ന പ്രതികളെ

ശിക്ഷിക്കുന്നത്. ആ പ്രതികളെ നിയമവിരുദ്ധമായി ജയിൽ തുറന്നു വിടുന്നത് മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാണ്. നിയമവാഴ്ച മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞാ ലംഘനമാണ്. നിർഭയമായി നീതിപൂർവ്വം സ്വജനപക്ഷപാതമില്ലാതെ പ്രവർത്തിക്കാമെന്ന ഭരണഘടന തൊട്ടുള്ള സത്യപ്രതിജ്ഞ, ഇവിടെ നഗ്നമായ ലംഘനത്തിനാണ് ഈ സർക്കാർ തയ്യാറാകുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം, ഒരു കേസ്സിൽ പ്രതിയായിട്ടുള്ള ആൾ ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്നു, അദ്ദേഹത്തെ വിട്ടയയ്ക്കുന്ന ഘട്ടത്തിൽ നിയമപ്രകാരം പരിശോധിക്കേണ്ട വകുപ്പുകളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം പ്രതിയെ വിട്ടയയ്ക്കുമ്പോൾ ബാധകമായിട്ടുള്ള കാര്യമാണ്. അതിന്റെ കൂട്ടത്തിൽ അദ്ദേഹം പഴയ ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കണ്ണൂരിൽ അദ്ദേഹത്തിന് എന്തോ പ്രത്യേക വിരോധമുള്ള ചിലരുടെ പേരുകളും ഇവിടെ പരാമർശിച്ചിട്ടുണ്ട്. അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ വിശദമായി പോകാൻ തയ്യാറാകുന്നില്ല. കാരണം, അതിന്റെ ആവശ്യമില്ല

എന്നുള്ളതുകൊണ്ടുതന്നെയാണ്. ഈ പ്രശ്നം ഉന്നയിക്കുന്നത് യഥാർത്ഥ സദുദ്ദേശത്തോടുകൂടിയാണെങ്കിലും നിയമപ്രകാരം പരിശോധന നടത്തണമെന്നതാണ് പ്രശ്നം. നിയമപ്രകാരമുള്ള എല്ലാ പരിശോധനയും പൂർത്തിയാക്കിമാത്രമേ ആരെയും വിട്ടയയ്ക്കുന്ന പ്രശ്നമുള്ളൂ. ഒരാളെപ്പോലും നിയമപ്രകാരമുള്ള പരിശോധന ഇല്ലാതെ വിട്ടയയ്ക്കുന്ന നിലപാട് സ്വീകരിക്കില്ല. അതുകൊണ്ടുതന്നെ ഇവിടെ അദ്ദേഹം പ്രകടിപ്പിച്ച ഒരാശങ്കയും നിലനിൽക്കുന്നില്ല. നിയമപ്രകാരമുള്ള പരിശോധനകൾ പൂർത്തിയാക്കി ആവശ്യമായ നടപടി സ്വീകരിക്കുക മാത്രമേ ചെയ്യുകയുള്ളൂ എന്ന് അറിയിക്കുകയാണ്. അതുകൊണ്ട് ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം ഞങ്ങളുടെ ആശങ്ക കൂടുതൽ

ബലപ്പെടുത്തുകയാണ്. സാധാരണഗതിയിൽ അടിയന്തരപ്രമേയത്തിന് വിശദമായി സംസാരിക്കുന്ന മുഖ്യമന്ത്രി രണ്ട് വാചകത്തിൽ ഒതുക്കുകയാണുണ്ടായത്. ......... മുഖ്യമന്ത്രി എങ്ങനെ മറുപടി പറയണമെന്ന് പറയേണ്ടത് ഞാനല്ല, അത് അദ്ദേഹത്തിന്റെ അധികാരത്തിൽപ്പെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, വിട്ടയക്കുമ്പോൾ മാത്രം പരിഗണിക്കേണ്ട കാര്യമാണ് പ്രമേയവതാരകനായ അംഗം ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് എന്നാണ്. വിട്ടയയ്ക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു എന്നതാണ് ഇവിടത്തെ പ്രശ്നം. ഒരു സുപ്രഭാതത്തിൽ ആർക്കും ആരെയും വിട്ടയയ്ക്കാൻ കഴിയില്ല. ടി.പി. കേസ്സിലെ 13-ാം പ്രതി കുഞ്ഞനന്തനെ മോചിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ സന്ദേശമെത്തിയിട്ടുണ്ട്. കുഞ്ഞനന്തനെ മോചിപ്പിച്ചാൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമോ, ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുമോ എന്നുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ടുള്ള സന്ദേശമാണ് കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ എത്തിയിട്ടുള്ളത്. കുഞ്ഞനന്തനെ മോചിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി മാർച്ച് 14-ന് കൊളവല്ലൂർ എസ്.ഐ., കെ.കെ. രമയുടെ മൊഴിയെടുത്തിരുന്നു. ഇന്ന് മാർച്ച് 23 ആണ്. സാമൂഹ്യക്ഷേമ വകുപ്പ്

ഉദ്യോഗസ്ഥരും ഇതേ വിഷയത്തിൽ ഇന്ന് രമയുടെ വീട്ടിൽ എത്തി മൊഴിയെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ടി.പി. കേസ് പ്രതികൾക്ക് കൂടുതൽ ശിക്ഷ ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാരിന്റെ അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. അങ്ങനെയുള്ള കേസ്സിലാണ് കുഞ്ഞനന്തനെ മോചിപ്പിക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ആരെയും വിട്ടയച്ചിട്ടില്ലെന്നാണ്. പക്ഷേ വിട്ടയയ്ക്കാനുള്ള നടപടിക്രമങ്ങളുടെ ഭാഗമായ കാര്യങ്ങൾ ആരംഭിച്ചുകഴിഞ്ഞു എന്നാണ് ഇവിടെ പറഞ്ഞത്. ഈ സന്ദർഭത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ജയിൽ മോചിതനാക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു വാചകം ഞാൻ ഉന്നയിക്കുകയാണ്. ഒരു വർഷത്തെ ജയിൽ ശിക്ഷ വിധിക്കപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ശിക്ഷ പൂർത്തിയാക്കുന്നതിന് ഏതാനും ദിവസംമുമ്പ് മോചിപ്പിക്കുന്നതിനെക്കുറിച്ച് 2011 നവംബർ 4-ന് ഇന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയും അന്നത്തെ പ്രതിപക്ഷ ഉപനേതാവുമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, "നമ്മുടെ ഇപ്പോഴത്തെ ജയിൽ നിയമം 78(2) അനുസരിച്ച് ഒരാൾക്ക് ഇളവ് കൊടുക്കുന്നത് ഭരണഘടനയുടെ 161-ാം

വകുപ്പായാൽപ്പോലും പരമാവധി ഒരാളുടെ ശിക്ഷ കാലാവധിയുടെ മൂന്നിൽ ഒന്ന് ഭാഗം മാത്രമേ ഇളവ് ചെയ്യാൻ പാടുള്ളൂ" എന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ വാദമനുസരിച്ചാണെങ്കിൽ കുഞ്ഞനന്തന് ശിക്ഷ ഇളവ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചിന്തിക്കാനേ കഴിയില്ല. കുഞ്ഞനന്തൻ മൂന്നിൽ രണ്ട് ഭാഗം ശിക്ഷ അനുഭവിച്ചുകഴിഞ്ഞോ? ഇന്നിപ്പോൾ നിങ്ങൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ പുണ്യാഹം തളിച്ച് കൂടെ കൂട്ടിയിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹം അഴിമതി വിരുതനല്ല, അഴിമതിയുടെ ലവലേശം പോലുമില്ല. നിങ്ങളുടെ കൂടെ വന്നുകഴിഞ്ഞാൽ എല്ലാവരും പരിശുദ്ധരാണ്. ഞങ്ങളോടൊപ്പം നിൽക്കുമ്പോൾ അഴിമതിക്കാരും നിങ്ങളോടൊപ്പം നിൽക്കുമ്പോൾ പരിശുദ്ധരുമാണ്. അതാണല്ലോ നിങ്ങളുടെ പുതിയ സിദ്ധാന്തം. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് ഇപ്പോൾ യാതൊരു കുഴപ്പവുമില്ല. അദ്ദേഹത്തിന് മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്യാബിനറ്റ് പദവി നൽകി നിങ്ങൾ കൂടെനിർത്തിയിരിക്കുകയാണ്. അത് വേറെ ഇഷ്യൂവാണ്. ഇവിടെ കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച കൊലപാതകമായിരുന്ന ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം. ഒരു ആഫ്രിക്കൻ പഴമൊഴിയുണ്ട്, Axe forgets, but the tree remembers., വെട്ടിയ

മഴ വേഗം മറക്കും പക്ഷേ വെട്ടുകൊണ്ട മരം മറക്കില്ല. അതുപോലെ കേരളത്തിന്റെ സമൂഹം ഇത് മറക്കില്ല. കേരള സമൂഹത്തിൽ ആഴത്തിൽ ഏൽപ്പിച്ച മുറിവാണ് ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം. ഇപ്പോൾ കുഞ്ഞനന്തന്റെ സ്ഥിതിയെന്താണ്? അദ്ദേഹമിപ്പോൾ ജയിലിനകത്തല്ല, എല്ലാദിവസവും പുറത്തുതന്നെയാണ്. കുഞ്ഞനന്തൻ 25.02.2015 മുതൽ 22.06.2017 വരെ 16 തവണയാണ് പരോളും സ്പെഷ്യൽ പരോളും ലഭിച്ച് പുറത്തുവന്നത്. മാത്രമല്ല, കുഞ്ഞനന്തന്റെ കാര്യത്തിൽ നിയമം കാറ്റിൽപ്പറത്തി തുടരെത്തുടരെ പരോൾ അനുവദിച്ചിരിക്കുകയാണ്. ശിക്ഷിക്കപ്പെട്ടതിനുശേഷവും 2014-ലും 2017-ലും കുഞ്ഞനന്തനെ പാനൂർ ഏരിയ കമ്മിറ്റിയിൽ ഈ പാർട്ടി ഉൾപ്പെടുത്തി. ഇത്തവണ കുത്തുപറമ്പ് സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റിയുടെ പൊതുസമ്മേളനത്തിൽ കുഞ്ഞനന്തൻ ഇരിക്കുന്നതിന്റെ ഫോട്ടോ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതേ സമ്മേളനത്തിൽ പൊതുപ്രകടനം നടത്തിയത് പരോളിലിറങ്ങിയ കുഞ്ഞനന്തനായിരുന്നു. പാനൂർ ചെണ്ടയാടിൽ നടന്ന സി.പി.ഐ.(എം) ഏരിയ സമ്മേളത്തിലെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തത് കുഞ്ഞനന്തനായിരുന്നു. അതിന്റെ ഫോട്ടോ എന്റെ കൈവശമുണ്ട്. കുഞ്ഞനന്തൻ തനിക്ക് ഏറെ പ്രിയപ്പെട്ടവനാണെന്ന് ടി.പി.

കേസ്സിൽ ശിക്ഷിക്കപ്പെട്ടപ്പോൾ ശ്രീ. പിണറായി വിജയൻ മാധ്യമങ്ങളോട് പറഞ്ഞത് എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. എനിക്ക് ചോദിക്കാനുള്ളത്, പരോളിലിറങ്ങുന്ന പ്രതി പരോൾ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്യുന്നതും ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് അറിയാൻ താല്പര്യമുണ്ട്. ഏതെങ്കിലുമൊരു പരോൾ പ്രതി അങ്ങനെ ചെയ്തതായി കാണാൻ കഴിയുമോ? ഇവിടെ വളരെ ആസൂത്രിതമായ നിലയിലാണ് ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾക്കെതിരെ നടക്കുന്ന ട്രീറ്റ്മെന്റ്. "ടി.പി. കേസ് പ്രതികളുടെ സുഖ ചികിത്സ വാർത്ത ചോർന്നു, ആശുപത്രി ഉദ്യോഗസ്ഥരെ തെറിപ്പിച്ചു." പ്രതികൾക്ക് ജയിലിൽ ചികിത്സ ലഭ്യമാക്കണം. പക്ഷേ ഇവിടെ "ഊഴമിട്ടുഴിച്ചിൽ", ടി.പി.കേസ് തടവുകാർക്ക് സുഖചികിത്സയാണ് നൽകുന്നത്. ആ ചികിത്സയുടെ വാർത്ത പുറത്തുവന്നതിന്റെ പേരിൽ നിരവധി ആശുപത്രി ഉദ്യോഗസ്ഥരെ തെറിപ്പിക്കുകയാണുണ്ടായത്. അവർ KAT (Kerala Administrative Tribunal)-ൽ പോയാണ് സ്റ്റേ വാങ്ങിയത്. കുറ്റവാളികൾക്ക് ജയിലിൽ പരമസുഖം, കമ്പനികൾ ഒത്തുകളിച്ചു, ക്യാമറ ടെണ്ടർ റദ്ദാക്കി - ഇതെല്ലാം

ജയിലുകളിൽ നടക്കുന്ന കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് നിയമപരമായ നടപടികളാണെന്നാണ്. ഇവിടെ നിയമങ്ങൾ ലംഘിക്കപ്പെടുകയാണ്. കെ. സി. രാമചന്ദ്രന് എന്നും പരോളാണ്. അതോടൊപ്പം കുഞ്ഞനന്തനും പരോൾ. വളരെ ക്രൂരമായ രാഷ്ട്രീയ കൊലപാതകം നടത്തിയ എല്ലാ ആളുകൾക്കും ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന പരോൾ നിയമങ്ങളുടെ ലംഘനമാണ്. ഇന്ന് കേരളത്തിൽ ഒരു രാഷ്ട്രീയ പ്രസ്ഥാനം ഇത്തരം കൊലപാതകങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ആ കൊലപാതകികളെയെല്ലാം സംരക്ഷിക്കുകയും ചെയ്യുന്ന നടപടി അത്യന്തം അപകടകരമായ കളിയാണ്. കൊലപാതകം ഒരു ശൈലിയായി സ്വീകരിച്ച് മുന്നോട്ടുപോകുന്നതായാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. ടി.പി. കേസ്സിലെ പ്രതികളുൾപ്പെടെയുള്ളവരെ വിട്ടയയ്ക്കാൻ ഈ ഗവൺമെന്റ് നേരത്തെതന്നെ ശ്രമം നടത്തിയതാണ്. അന്ന് ഗവർണറുടെ ഇടപെടൽ കാരണമാണ് ആ ശ്രമം പരാജയപ്പെട്ടത്. ഗവർണർ ശക്തമായ നിലയിൽ പ്രതിരോധിച്ചില്ലായിരുന്നെങ്കിൽ ഇതിനുമുമ്പുതന്നെ ഈ പ്രതികൾ പുറത്തുവരുമായിരുന്നു. ഒരു പാർട്ടി അധികാരത്തിലേറുമ്പോൾ ആ പാർട്ടിക്ക് ഇഷ്ടമുള്ള കൊലയാളികളെ തുറന്നുവിടാൻ തുടങ്ങിയാൽ സമൂഹത്തിന്റെ

നിലനിൽപ്പ് എത്രത്തോളം അപകടത്തിലാകും. സുപ്രീംകോടതി തന്നെ പറഞ്ഞിട്ടില്ലേ... supreme court allows the states to release life convicts but with riders. ഏറ്റവും പ്രധാനപ്പെട്ട ഒരു വാചകം വായിക്കാം. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വാചകമാണ്. These include that State governments cannot release those prisoners on remission whose prison terms are specified to continue till the end of their lives. ജീവപര്യന്തമെന്നുപറയുന്നത് ജീവിതാവസാനം വരെയായി മാറുകയാണ്. സുപ്രീംകോടതിയുടെ പ്രസക്തമായ വിധികളുണ്ട്. ആ സാഹചര്യത്തിൽ കുഞ്ഞനന്തനെ മോചിപ്പിച്ച് പുറത്തുകൊണ്ടുവരാനുള്ള ഗവൺമെന്റിന്റെ കുത്സിതമായ ശ്രമമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അടിയന്തരാവസ്ഥ കാലത്ത് കുളങ്ങരോത്ത് രാഘവൻ മൃഗീയമായി കൊലചെയ്യപ്പെട്ട സംഭവം അങ്ങ് ഓർക്കുന്നുണ്ടാകും. അതിലെ പ്രതി മമ്പ്രം ദിവാകരനായിരുന്നു. പ്രതിയായിരിക്കുന്ന സമയത്താണ് മമ്പറം ദിവാകരന്റെ ഭാര്യയെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന്റെ പേഴ്സണൽ സ്റ്റാഫിൽ

ഉൾപ്പെടുത്തിയത് ..... ശ്രീ. സണ്ണി ജോസഫിന് അത് ഓർമ്മയുണ്ടാകും. .......... പ്രതിയായിരിക്കുമ്പോൾ ........... ഞാൻ വെല്ലുവിളിക്കുകയാണ് ........ എനിക്കറിയാം. ........ അവിടെ ഇരിക്ക്, നീ അന്ന് ജനിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, അന്ന് കൊലപാതകക്കേസ്സിൽ ശിക്ഷിക്കപ്പെട്ട മമ്പറം ദിവാകരൻ എത്ര വർഷം ജയിലിൽ കിടന്നിരുന്നു, എത്ര പ്രാവശ്യം പരോൾ കിട്ടിയിരുന്നു? 4 വർഷം മാത്രമാണ് ജയിലിൽ കിടന്നത്, അത് ഓർമ്മയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു അംഗത്തെ 'നീ' എന്നുവിളിച്ചത് ശരിയായില്ല. അത് പിൻവലിക്കുകയാണ് വേണ്ടത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ആ പരാമർശം പിൻവലിക്കുന്നു.

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, മമ്പറം ദിവാകരന്റേത് ലൈഫ് ഇംപ്രിസൺമെന്റായിരുന്നില്ല. 7 വർഷമായിരുന്നു തടവുശിക്ഷ. അത് റെമിഷൻസുൾപ്പെടെ കാൽക്കുലേറ്റ് ചെയ്യുമ്പോൾ 4 വർഷം കഴിഞ്ഞു 5 വർഷം കഴിഞ്ഞു....... ലൈഫ് ഇംപ്രിസൺമെന്റും 7 വർഷത്തെ തടവും തമ്മിൽ വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് അത് അറിയില്ലേ? മറ്റൊന്ന്, അങ്ങ് പറഞ്ഞ പരാമർശം അങ്ങ് പിൻവലിക്കണം. ഒരു

കൊലക്കേസ്സിലെ പ്രതിയാണെങ്കിലും ഭാര്യക്ക് ജോലി കൊടുക്കാൻ പാടില്ലേ; ഭാര്യ ആ കേസ്സിലെ പ്രതിയാണോ? അങ്ങയുടേത് സ്ത്രീ വിരുദ്ധ പരാമർശമാണ്. അങ്ങ് സ്ത്രീ വിരുദ്ധ പരാമർശം പിൻവലിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, പെഴ്സണൽ സ്റ്റാഫിൽ ജോലി കൊടുക്കുന്നതിന് ഞാൻ എതിരല്ല. നിങ്ങൾ അങ്ങനെ ചെയ്തുവെന്ന് ഞാൻ ഓർമ്മപ്പെടുത്തിയതാണ്. നിങ്ങൾക്ക് അങ്ങനെ ചെയ്യാം. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമെ ഒരു അക്യൂസ്ഡിന് ഇളവുകൾ ഏതർത്ഥത്തിൽ കൊടുക്കുമെന്നതിനെ സംബന്ധിച്ച് തീരുമാനിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ പിന്നെന്തിനാണ് സംശയം. ഗവൺമെന്റ് അത്തരത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. എടുക്കാത്ത തീരുമാനത്തെ സംബന്ധിച്ച് എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അപ്രിഹെൻഷനുണ്ടാക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: അത്തരത്തിലൊരു അപ്രിഹെൻഷനുണ്ടാകുന്നത് ന്യായമാണ്. കാരണം നിങ്ങൾ എല്ലാ ദിവസവും പ്രതികളെ തുറന്ന് വിടുകയും സുഖചികിത്സ നൽകുകയും അവർക്ക് എല്ലാ സംരക്ഷണവും കൊടുക്കുകയും ചെയ്യുകയാണ്. ഞങ്ങൾക്ക് മാത്രമല്ല, കേരളത്തിലെ പൊതു സമൂഹത്തിനും

ആശങ്കയുണ്ട്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ സംരക്ഷിക്കാനുള്ള നീക്കങ്ങൾ നടക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ബാലിശമായ ഒരു കാര്യമാണ് ഉന്നയിച്ചത്. ഒരു വ്യക്തി ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്നാൽ അയാളുടെ ഭാര്യക്ക് ജോലി കൊടുത്തുവെന്ന് പറയുന്നത് അത്ര വലിയ മഹാ കാര്യമൊന്നുമല്ല. ഗൃഹനാഥൻ ജയിലിൽ ആയപ്പോൾ ആ കുടുംബത്തെ സംരക്ഷിക്കാൻ ഭാര്യക്ക് ജോലി കൊടുത്തതിൽ എന്ത് തെറ്റാണുള്ളത്; എനിക്ക് മനസ്സിലാകാത്ത കാര്യമാണത്. ജീവപര്യന്തമെന്നാൽ 14 വർഷമാണെന്ന് സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. എന്നാൽ അത് ജീവിതകാലം മുഴുവനാണെന്നാണ് രാജീവ് ഗാന്ധി വധക്കേസിൽ മുരുകനെ മോചിപ്പിക്കുന്ന പ്രശ്നം വന്നപ്പോൾ സുപ്രീംകോടതി വിധിച്ചത്. അതനുസരിച്ച് ഒരു കാരണവശാലും ശിക്ഷയിൽ നിന്ന് ഒഴിവാക്കാൻ ഈ ഗവൺമെന്റിന് സാധ്യമല്ല. അതിനെ നിയമപരമായിത്തന്നെ ഞങ്ങൾ നേരിടും. കാരണം ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്ക് എതിരായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. 70 വയസ് കഴിഞ്ഞുവെന്ന കാരണം പറഞ്ഞാണ് തടവുശിക്ഷ മൂന്നോ നാലോ വർഷമെത്തുമ്പോൾത്തന്നെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്നത്. 70 അല്ല, 80 ആയാലും ഹീനമായ കുറ്റകൃത്യത്തിന്റെ കാഠിന്യം കുറയുന്നില്ല. 70-

ഉം 80-ഉം വയസ് കഴിഞ്ഞ ഒട്ടേറെ ആളുകൾ നമ്മുടെ ജയിലുകളിൽ ഉണ്ടെന്നുള്ള കാര്യം മറക്കരുത്. 9 മാസത്തിനുള്ളിൽ 211 ദിവസമാണ് ഈ സർക്കാർ കുഞ്ഞനന്തന് പരോൾ കൊടുത്തത്. അത് ചെറിയ കാര്യമാണോ? ഇത്രയും നിഷ്ഠൂരമായ കൊലപാതകം നടത്തിയ, ആസൂത്രണം നടത്തിയ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സുഹൃത്തായ കുഞ്ഞനന്തൻ 211 ദിവസം പരോളിൽ പുറത്തുവന്നു. ഇത് ഈ സംസ്ഥാനത്തോടും ജനങ്ങളോടുമുള്ള വെല്ലുവിളി ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ പൊതുസമൂഹത്തിന് ആശങ്കയുണ്ട്. ജനങ്ങൾക്ക് ഉത്കണ്ഠയുണ്ട്. ആ ഉത്കണ്ഠയാണ് ഞങ്ങൾ ഇവിടെ പ്രകടിപ്പിച്ചത്. അതിനെ വളരെ നിസ്സാരവത്ക്കരിച്ച മുഖ്യമന്ത്രിയുടെ നിലാപടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.) ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശങ്കയൊന്നും വേണ്ടെന്ന് പറയുകയുണ്ടായി. അതേസമയം ഒരാളെ വിട്ടയയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ അദ്ദേഹം വിശദീകരിക്കുകയും ചെയ്തു. ആ വിശദീകരിച്ചതിൽ അദ്ദേഹം പറയുന്ന

കാര്യം, ഒരാളെ വിട്ടയയ്ക്കുന്നതിന് മുമ്പ് സാമൂഹ്യനീതി വകുപ്പിന്റെ പ്രൊബേഷൻ ഓഫീസർ ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ ശേഖരിക്കും, അതുപോലെ അദ്ദേഹത്തിന്റെ അവശത, വയസ് എന്നീ കാര്യങ്ങൾ പരിഗണിക്കുമെന്നാണ്. അങ്ങനെ നോക്കുമ്പോൾ ഈ പറഞ്ഞ സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥൻ ശ്രീമതി കെ. കെ. രമയെ പോയി കാണുന്നത് എന്തിന് വേണ്ടിയാണെന്നുള്ള സംശയമുണ്ട്. അപ്പോൾ ഒരു കാര്യം ഉറപ്പാണ്, കുഞ്ഞനന്തനെ വിട്ടയയ്ക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. അല്ലാതെ ഒരു സാമൂഹ്യക്ഷേമ ഓഫീസർ എന്തിനാണ് ശ്രീമതി കെ. കെ. രമയെ പോയി കാണുന്നത്. പ്രൊബേഷൻ ഓഫീസർ പോയി അന്വേഷിക്കലാണ് വിട്ടയയ്ക്കൽ നടപടിയുടെ ഭാഗമാണെന്ന് അങ്ങ് തന്നെ ഇവിടെ പറഞ്ഞിരിക്കുന്നു. കുഞ്ഞനന്തനെ വിട്ടയയ്ക്കാനുള്ള നടപടി ആരംഭിച്ചിരിക്കുന്നു. അതു തന്നെയാണ് കൊളവല്ലൂർ എസ്.ഐ., ശ്രീമതി കെ. കെ. രമയുടെ മൊഴി എടുത്തതിനു പിന്നിലുള്ളത്. അതുകൊണ്ട് ആശങ്ക ഉണ്ടാകാനുള്ള പ്രധാന കാരണം, കുഞ്ഞനന്തൻ പല സമയങ്ങളിലും പരോൾ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പരോളിൽ ഇറങ്ങി. ജയിലിൽ കിടക്കുമ്പോൾത്തന്നെ 2014-17 വരെയുള്ള കാലഘട്ടത്തിൽ പാനൂർ ഏരിയ കമ്മിറ്റിയിലേയ്ക്ക് വരുന്നു. പരോളിൽ

ഇറങ്ങിക്കഴിഞ്ഞാൽ സി.പി.എം.-ന്റെ കുന്നോത്ത് പറമ്പ് ലോക്കൽ സമ്മേളനത്തിൽ പങ്കെടുക്കുന്നു, പൊതു സമ്മേളന വേദിയിൽ ഇരിക്കുന്നു, പൊതുപ്രകടനത്തെ നയിക്കുന്നു, പാനൂർ ചെണ്ടയാട് സി.പി.എം. ഏരിയ സമ്മേളനത്തിന്റെ സ്വാഗത ഓഫീസ് ഉദ്ഘാടനം ചെയ്യുന്നു. ഇതൊക്കെ പരോൾ വ്യവസ്ഥയ്ക്ക് എതിരായി ചെയ്തതാണ്. അതിനെതിരെ എന്ത് നടപടിയാണ് ജയിൽ, ആഭ്യന്തര വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളത്? ഇത്രയും ലാഘവത്തോടെ ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതികളായിട്ടുള്ളവർക്ക് സ്വൈരവിഹാരം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭിക്കുന്നത് കാണുമ്പോൾ തീർച്ചയായും അദ്ദേഹത്തിന് ഇളവ് കിട്ടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ രീതിയിലുള്ള നടപടിയാണ് നടക്കുന്നത്. 70 വയസ്സിന്റെ കാര്യം ഇവിടെ പറഞ്ഞു. ഇങ്ങനെയാണെങ്കിൽ 69-ാമത്തെ വയസ്സിൽ അല്പം ഡയബറ്റിക്സ് ഒക്കെയുള്ള ഒരാളെ കൊലപാതകം ചെയ്യാൻ വിടുന്നതായരിക്കും നല്ലത്. അപ്പോൾ അയാൾക്ക് ഒരു വർഷം കഴിഞ്ഞാൽ പുറത്തിറങ്ങാം. ഇത് തെറ്റായ സന്ദേശമാണ് നൽകുന്നത്. പ്രായവും കൊലപാതവും തമ്മിൽ ബന്ധിപ്പിച്ചാൽ 69-ാമത്തെ വയസ്സിൽ പ്രതി ആയാൽ മതി, 70-ാമത്തെ വയസ്സിൽ

ഇറങ്ങിവരാമെന്ന് പറയുന്ന ആശയം അങ്ങ് ഈ രാജ്യത്ത് നൽകരുത്. നിയമപരമായി അതിനെ നേരിട്ടാൽ ഒരിക്കലും അദ്ദേഹത്തിന് പുറത്തിറങ്ങാൻ കഴിയില്ലെന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്. ഇതിന് ഏതെങ്കിലും രീതിയിലുള്ള ശ്രമം നടന്നാൽ ഞങ്ങൾ നിയമപരമായി തന്നെ നേരിടുമെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് തൃപ്തികരമല്ലാത്ത ഉത്തരം നൽകിയതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, മുഖ്യമന്ത്രി ആദ്യം ഇവിടെ സംസാരിച്ചപ്പോൾ 59-ഓളം അന്തേവാസികളുടെ പേര് വിവരം ശേഖരിക്കുന്നുവെന്നും അതൊരു വിവരശേഖരണം മാത്രമാണെന്നുമാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ മറുപടി പ്രസംഗം സ്വാഭാവികമായി ആശങ്ക വർദ്ധിപ്പിക്കുന്ന ഒന്നുതന്നെയാണ്. വ്യക്തമായ ഒരു മറുപടി പോലും പറയാതെയാണ് അദ്ദേഹം മറുപടി പ്രസംഗം അവസാനിപ്പിച്ചത്. ഇവിടെ പോലീസ് ബന്ധപ്പെട്ട സ്റ്റേഷനിലേയ്ക്ക് റിപ്പോർട്ട് ചോദിച്ചിരിക്കുന്നു. ശ്രീമതി

കെ. കെ രമയുടെ മൊഴി പോലീസ് രേഖപ്പെടുത്തി, സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ വിവരശേഖരണത്തിന് അവിടെ ചെല്ലുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ ലക്ഷ്യം വയ്ക്കുന്നത് കുഞ്ഞനന്തന് ശിക്ഷാ ഇളവ് നൽകി അദ്ദേഹത്തെ ജയിൽ മോചിതനാക്കുക എന്നുള്ളതുതന്നെയാണ്. അതിനു വേണ്ടിയുള്ള നടപടിക്രമങ്ങളും പശ്ചാത്തലവും ഗവൺമെന്റ് കൃത്യമായി ഒരുക്കിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത യാഥാർത്ഥ്യവുമാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ അത് സംഭവിക്കുമെന്ന് ഞങ്ങൾ കരുതുകയാണ്. അക്കാര്യം നിയമപരമായി നേരിടുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞിരിക്കുകയാണ്. ഈ വിഷയത്തിൽ ഗവൺമെന്റ്, നിയമങ്ങളെയും കീഴ്വഴക്കങ്ങളെയും ജയിൽ ചട്ടങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇത്തരം നടപടികളിലേയ്ക്ക് നീങ്ങുന്നത്. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ നടന്ന ചർച്ചയിൽ പുറത്തുവന്നിട്ടുള്ള

വസ്തുതകൾ വ്യക്തമാക്കുന്ന കാര്യം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ സാധാരണ നിയമം ബാധകമല്ല എന്നാണ്. ഭരിക്കുന്നതായ മുഖ്യകക്ഷിയുടെ എതിരാളികളെ എങ്ങനെയും നിഷ്ഠുരമായി കൊല ചെയ്യാം, കുറ്റക്കാരെ ശിക്ഷിക്കാൻ തയ്യാറുമല്ല. നേരെ മറിച്ച് ഭരിക്കുന്ന ആളുകളാണ് പ്രതികളായി വരുന്നതെങ്കിൽ അവർക്ക് ബദലായി പ്രതികളെ സപ്ലൈ ചെയ്യുകയും തെറ്റായ തെളിവുകൾ നിരത്തി അവരെ വിട്ടയയ്ക്കാൻ നോക്കുകയും ചെയ്യുന്നു. അഥവാ കോടതി അവരെ ശിക്ഷിച്ചാൽത്തന്നെ അവർക്ക് നിയമവിരുദ്ധമായി, അസാധാരണ നിലയിൽ ജാമ്യം കൊടുത്ത് കൂടുതൽ സമയവും പുറത്ത് ചെലവഴിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നു, വിട്ടയയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. ഇത്തരത്തിൽ പൗരന്മാരെ സംബന്ധിച്ചിടത്തോളം നിയമ ഭരണമല്ല ഇവിടെ നടക്കുന്നത്; പാർട്ടി ഭരണമാണ്. പാർട്ടിക്ക് അനുകൂലമായി നിൽക്കുന്ന ആളുകൾക്ക് മാത്രമേ നിയമത്തിന്റെ സംരക്ഷണം ഉള്ളൂവെന്ന സാഹചര്യമാണ് ഇന്നുള്ളത്. ഈ സമീപനത്തെ ശക്തമായി എതിർക്കുന്നു. ഇത് ഫാസിസത്തിന്റെ വ്യക്തമായ രൂപമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട്

പുറത്തു പോകുകയും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം സഭയിൽ തിരിച്ച് വരികയും ചെയ്തു. )